# അഗസ്ത്യാർകൂടം സീസൺ ട്രക്കിംഗ് - 2025

## മാർഗ്ഗനിർദ്ദേശങ്ങൾ

20-12-2025-ലെ സർക്കാർ ഉത്തരവിന്റെ സ.ഉ.(സാധാ)നം.12/2024/F&WLD അടിസ്ഥാനത്തിൽ 2025 വർഷത്തെ അഗസ്ത്യാർകൂടം സീസൺ ട്രക്കിംഗ് 2025 ജനുവരി 20 മുതൽ ഫെബ്രുവരി 22 വരെ നടത്തുന്നതാണ്.

- ഇന്റർനെറ്റ് കണക്ഷനും *Net Banking/Debit Card/ Credit Card സൗകര്യവുമുള്ളവർക്ക് സ്വന്തമായി വനം വകുപ്പിന്റെ* www.forest.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് serviceonline.gov.in/trekking എന്ന ലിങ്കിൽ ഓൺ ലൈനായി രജിസ്റ്റർ ചെയ്ത് ടിക്കറ്റ് ബുക്ക് ചെയ്യാവുന്നതാണ്.
- അക്ഷയകേന്ദ്രങ്ങളിൽ പ്രവേശന ടിക്കറ്റ് ബുക്ക് ചെയ്യാൻ എത്തുന്നവർ അവരുടെയും ടീം അംഗങ്ങളുടെയും ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പുകൂടി കൊണ്ടുവരേണ്ടതാണ്. ട്രക്കിംഗിൽ പങ്കെടുക്കുന്ന ഓരോരുത്തരുടെയും തിരിച്ചറിയൽ കാർഡ് നമ്പർ ഓൺലൈൻ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.
- **ഒരാൾക്കുള്ള ടിക്കറ്റ് നിരക്ക് (ഭക്ഷണം ഇല്ലാതെ) 2,200/- രൂപയും ഇക്കോ സിസ്റ്റം മാനേജ്മെന്റ് സ്പെഷ്യൽ ഫീസ് 500/- രൂപയും ഉൾപ്പെടെ 2,700/- രൂപയാണ്.** പരമാവധി **5** പേരുകൾ മാത്രമേ ഒരു ടിക്കറ്റിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. അക്ഷയകേന്ദ്രങ്ങളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ എത്തുന്നവരിൽ നിന്നും ടിക്കറ്റ് നിരക്കിന് പുറമേ payment gateway ചാർജ്ജും സേവനനിരക്കും ചേർത്ത് തുക ഈടാക്കുന്നതായിരിക്കും.
- ഓൺലൈൻ ബുക്കിംഗ് നടത്തുന്നവർ ബുക്കിംഗ് തീയതി മുതൽ **10** ദിവസത്തിനകം കാൻസൽ ചെയ്താൽ സ്പെഷ്യൽ ഇക്കോ സിസ്റ്റം മാനേജ്മെന്റ് ഫീസ് ആയ 500/- രൂപ മാത്രമായിരിക്കും തിരികെ നൽകുന്നത്. പത്താമത്തെ ദിവസമോ അത് കഴിഞ്ഞോ ബുക്കിംഗ് റദ്ദാക്കിയാൽ യാതൊരു തുകയും തിരികെ നൽകുന്നതല്ല. എന്നാൽ യാത്ര റദ്ദാക്കുന്നവർ ഇക്കോ സിസ്റ്റം മാനേജ്മെന്റ് ഫീസ് തിരികെ വാങ്ങാതിരുന്നാൽ മൂന്ന് മാസത്തിനകം ബാക്കി തുക ഒടുക്കി ഓഫ് സീസൺ ട്രക്കിംഗിൽ പങ്കെടുക്കാൻ മുൻഗണന നൽകുന്നതാണ്.
- ഈ ട്രക്കിംഗ് അതീവ ദുർഘടമായ വനപ്രദേശങ്ങളിലൂടെ ആയതിനാൽ നല്ല ശാരീരിക ക്ഷമതയുള്ളവർ മാത്രമേ ട്രക്കിംഗിൽ പങ്കെടുക്കാവൂ. 14 വയസ്സിനു താഴെ യുള്ള കുട്ടികൾക്ക് ട്രക്കിംഗിനായി അപേക്ഷിക്കുവാൻ സാധിക്കുകയില്ല. സ്ത്രീകൾക്ക് പ്രത്യേക പരിഗണനയുണ്ടായിരിക്കുന്നതല്ല.
- ബുക്ക് ചെയ്ത 18 വയസു മുതൽ പ്രായമുള്ളവർക്ക് 7 ദിവസത്തിനുള്ളിൽ രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണർ നൽകിയിട്ടുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ട്രക്കിംങ് അനുവദിക്കുകയുള്ളൂ.
- ബുക്ക് ചെയ്ത 14 വയസു മുതൽ 18 വയസിനകം പ്രായമുള്ളവർക്ക് 7 ദിവസത്തിനു ള്ളിൽ രജിസ്ട്രേഡ് മെഡിക്കൽ പ്രാക്ടീഷണർ നൽകിയിട്ടുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, രക്ഷകർത്താവ് നൽകിയ അനുമതി പത്രം എന്നിവ ഹാജരാക്കിയാൽ മാത്രമേ ട്രക്കിംങ് അനുവദിക്കുകയുള്ളൂ.
- ടിക്കറ്റ് പ്രിന്റൗട്ടും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ അസ്സലും മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റും സഹിതം ബോണക്കാടുള്ള ഫോറസ്റ്റ് പിക്കറ്റ് സ്റ്റേഷനിൽ **ട്രക്കിംഗ് ദിവസം രാവിലെ 7 മണിക്കും 9 മണിക്കും ഇടയിൽ** എത്തിച്ചേരേണ്ടതാണ്. ടിക്കറ്റിൽ ഉൾപ്പെട്ട എല്ലാവരും ടിക്കറ്റ് പ്രിന്റൗട്ടിനോടൊപ്പമുള്ള സത്യപ്രസ്താവന ഒപ്പിട്ട് നൽകേണ്ടതാണ്. **10** പേരടങ്ങുന്ന ഓരോ ഗ്രൂപ്പിനും ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റി വഴി എർപ്പെടുത്തുന്ന ഒരു ഗൈഡിന്റെ സേവനം വിട്ടുനൽകുന്നതാണ്.
- ട്രക്കിംങ്ങിൽ പങ്കെടുക്കുന്നവർ ഏഴു ദിവസത്തിനകം എടുത്ത മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ട്രക്കിങ് ആരംഭിക്കുന്നതിന് മുൻപായി ഹാജരാക്കേണ്ടതാണ്. എന്നിരുന്നാലും യാത്രയിൽ ആരോഗ്യ പ്രശ്നം ഉണ്ടെന്ന് കണ്ടാൽ, തുടർന്നുള്ള ട്രക്കിംഗ് അനുവദിക്കുന്നതല്ല.
- അഗസ്ത്യാർകൂടം ഏറെ പാരിസ്ഥിതിക പ്രാധാന്യം അർഹിക്കുന്നതും UNESCO യുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുന്നതുമായതിനാൽ ട്രക്കിംഗിൽ പൂജാദ്രവ്യങ്ങൾ, പ്ലാസ്റ്റിക്, മദ്യം, പുകയില ഉൾപ്പെടെയുള്ള മറ്റ് ലഹരി പദാർത്ഥങ്ങൾ കൊണ്ടുപോകുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു. അങ്ങനെ എന്തെങ്കിലും കണ്ടെ



Scanned with OKEN Scanner

ത്തിയാൽ മറ്റൊരു കാരണവുമില്ലാതെ അവരെ ട്രക്കിംഗ് ഗ്രൂപ്പിൽ നിന്നും മാറ്റി നിർത്തുന്നതാണ്.

- വനത്തിനുള്ളിൽ പുകവലി, ഭക്ഷണം പാകം ചെയ്യൽ എന്നിവ അനുവദിക്കുന്നതല്ല. നിരോധിക്കപ്പെട്ടിട്ടുള്ള വസ്തുവകകൾ വിലക്ക് ലംഘിച്ചു കൊണ്ടുപോകുന്നതിന് പിഴ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതായിരിക്കും.
- **പൂർണ്ണമായും പ്ലാസ്റ്റിക് രഹിത ട്രക്കിംഗ് ആയിരിക്കും.**
- **വന്യജീവി ആക്രമണ സാധ്യതയോ പ്രകൃതിക്ഷോഭമോ വന്നാൽ ട്രക്കിംങ്ങിൽ നിയന്ത്രണം കൊണ്ടുവരുന്നതാണ്.**
- കാനനപാതയിലൂടെയുള്ള യാത്രയിൽ വന്യജീവി ആക്രമണ സാധ്യതയോ പ്രകൃതിക്ഷോഭമോ വന്നാൽ ട്രക്കിംഗിൽ നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്. വന്യജീവികളിൽ നിന്നും ആക്രമണം ഉണ്ടാകുവാൻ സാദ്ധ്യതയുള്ളതിനാൽ സത്യപ്രസ്താവനയിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം യാത്രക്കാർ സ്വന്തം ഉത്തരവാദിത്വത്തിൽ യാത്ര നടത്തേണ്ടതാണ്. യാത്രയിലുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പോ, ഇക്കോ-ഡവലപ്പ്മെന്റ് കമ്മിറ്റിയോ ഉത്തരവാദിയായിരിക്കുകയില്ല.
- സന്ദർശകരുടെ സൗകര്യാർത്ഥം ബോണക്കാട്, അതിരുമല എന്നീ സ്ഥലങ്ങളിൽ വനം വകുപ്പിന്റെ കീഴിലുള്ള ഇക്കോ-ഡവലപ്പ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ക്യാന്റീനുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നതാണ്.
- ട്രക്കിംഗിൽ പങ്കെടുക്കുന്നവർ ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
- പ്രതികൂലമായ കാലാവസ്ഥ, വന്യജീവി ആക്രമണ സാധ്യത തുടങ്ങിയ സാഹചര്യത്തിൽ ഏത് സമയത്തും ട്രക്കിംഗ് നിർത്തിവയ്ക്കുവാൻ വകുപ്പിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
- **ട്രക്കിംഗിൽ പങ്കെടുക്കുന്നവർ പ്രകൃതിയെ സംരക്ഷിക്കുന്ന നിലപാടുകൾ മാത്രമേ ട്രക്കിംഗിലുടനീളം സ്വീകരിക്കാൻ പാടുള്ളു.**
- കൂടുതൽ വിവരങ്ങൾക്ക് പി.റ്റി.പി.നഗറിലുള്ള തിരുവനന്തപുരം വൈൽഡ്‌ലൈഫ് വാർഡന്റെ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്
(ടെലിഫോൺ നമ്പർ - 0471 – 2360762, 8281004537)

***തിയതി:03.01.2025***

**വൈൽഡ്‌ലൈഫ് വാർഡൻ**
**തിരുവനന്തപുരം**



Scanned with OKEN Scanner